# കളവു പറയാൻ കഴിയാത്ത കവിത

കെ. പി. ശശിധരൻ

'അച്ഛൻ, നാട്ടുകാരുമായി പങ്കുവെക്കേണ്ട ഒരു പൊതുസ്വത്താണെന്ന വസ്തുതയുമായി ഞങ്ങൾ മക്കൾ, ചെറുപ്പത്തിൽ തന്നെ പൊരുത്തപ്പെട്ടു തുടങ്ങി' എന്ന് ഇടശ്ശേരിയെക്കുറിച്ച് അദ്ദേഹത്തിന്റെ മകൻ ഇ. മാധവൻ സ്മരിക്കുന്നുണ്ട്. ആസ്വാദകരുടെ പൊതുമുതലാണ് സാഹിത്യം എന്ന് പറയാറുണ്ടെങ്കിലും നമ്മുടെ എഴുത്തുകാരെ അതേ വകുപ്പിൽ പെടുത്താൻ അസാമാന്യമായ ഹൃദയവിശാലത തന്നെ വേണം. സ്വജീവിതത്തിലൂടെ തന്റെ സന്ദേശമെന്തെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയ ഗാന്ധിജിയായിരുന്നുവല്ലോ ഇടശ്ശേരിയുടെ ആരാധനാമൂർത്തി. തന്റെ വ്യക്തി ജീവിതത്തിലെ ആദർശനിഷ്ഠയുടെ സൗന്ദര്യാത്മകമായ പൂരണമായിരുന്നു ഏതാണ്ട് അരനൂറ്റാണ്ടോളം നീണ്ടുനിന്ന ഇടശ്ശേരിയുടെ കാവ്യജീവിതം. മനസ്സാക്ഷിയുടെ ഉരകല്ലിൽവെച്ച് ആദർശങ്ങളെ അദ്ദേഹം നിരന്തരം പരീക്ഷിച്ചു കൊണ്ടിരുന്നു. അഹിംസയുടെ വഴിയടയുമ്പോൾ മറ്റു മാർഗമാരായുന്ന ഇടശ്ശേരിയുടെ സമീപനത്തിൽ വൈരുദ്ധ്യമൊന്നുമില്ല. 'ഇരതേടും ക്രൗര്യങ്ങൾ നഖരമുരപ്പതുമറിയാതെ' ഒരു കോണിൽ ധ്യാനിച്ചു കഴിയുന്ന നിശ്ചലാദർശങ്ങളെ എന്തിന് താലോലിക്കണം? 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ ആദർശത്തെ ജീവാനുകമ്പയുടെ വെളിച്ചത്തിൽ അദ്ദേഹം സൂക്ഷ്മപരിശോധന നടത്തുന്നു.

മുറ്റത്തിനൻ,പെരുമ്പായ
വിരിച്ചു; തൊട്ടവീട്ടുകാർ
ഉണക്കുന്നൂ വെടിമരു-
ന്നെന്തേ, ഞാൻ നെല്ലുചിക്കണോ?

എന്ന് 'പുറത്തെള്ളുവിതയ്ക്കാറായ' ഭീരുത്വത്തോട് അദ്ദേഹം ചോദിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആസ്തികസാധാരണമായ വിനയവും തത്വശാസ്ത്രങ്ങൾക്കു വേണ്ട ബഹുമാനവും തന്നെ വിട്ടുപിരിയാറുണ്ടെന്ന് കവി ഏറ്റുപറയുന്നുമുണ്ട്.

ഇതിന് അനുബന്ധമായി ഒരു മറുവശവും കാണാം. നരഭോജിയായ പൂതത്തെ മാതൃവാത്സല്യത്തിലൂടെ അഗ്നിശുദ്ധിവരുത്തി, ഗ്രീഷ്മാരംഭത്തിലെ മലനാടിന്റെ നിത്യകൗതുകമാക്കി അവതരിപ്പിച്ച ഇടശ്ശേരിയുടെ 'ഭൂതദയ' കവിയുടെ ഉദ്ദേശ്യശുദ്ധിക്ക് ഉദാഹരണമാണ്. ചേട്ടയുടെ വിശപ്പകറ്റാൻ ചിരട്ടയിൽ ഭക്ഷണമൊരുക്കിക്കൊടുക്കാറുള്ള ഒരു പാരമ്പര്യത്തെ അദ്ദേഹം മറന്നില്ല. എഴുത്താണിയുടെ ഇരുമ്പല്ല, ഇരുമ്പിൻമുനയിലൂടെ വിരിയുന്ന അക്ഷരവിദ്യയുടെ സാത്വികവിശുദ്ധിയാണ് പൈശാചികതയ്ക്കുള്ള മറുമരുന്ന് എന്ന് അദ്ദേഹം കണ്ടെത്തി.

സത്യാന്വേഷണത്തിലൂടെ കണ്ടെത്തിയ യാഥാർത്ഥ്യങ്ങളെ ഇടശ്ശേരി മറച്ചുപിടിച്ചില്ല. സ്വന്തം വിശ്വാസത്തെ അപ്പപ്പോൾ തിരുത്താനും നവീകരിക്കാനും അദ്ദേഹം തയ്യാറായി.

ശിലയും കരിയും സിമന്റും ഉരുക്കും കൊണ്ട് തീർത്ത യന്ത്രയുഗത്തിന്റെ കാലിന്നടിയിലൂടെ 'നാട്ടനൂഴുന്ന' നദീതട സംസ്കാരത്തെക്കുറിച്ചും, ശൈശവ ഭാവനയെക്കുറിച്ചും വിലപിക്കുന്ന 'കുറ്റിപ്പുറം പാലം' എന്ന കവിത നമ്മിൽ ജനിപ്പിക്കുന്നത് വിഷാദ സ്തുകളായിരിക്കും. എങ്കിലും, വൈലോപ്പിള്ളിയെപ്പോലെ യന്ത്രകാഹളം ഇടശ്ശേരിക്കും ഏറെ ഇഷ്ടമാണ്. 1972-ൽ പ്രസിദ്ധീകരിച്ച 'ഒന്നുറങ്ങാൻ'എന്ന കവിതയിലാകട്ടെ മറ്റൊരിടശ്ശേരിയെയാണ് നാം കാണുന്നത്.

ഉരുക്കും റബ്ബറും സിമന്റുമില്ലാത്ത
കരിമ്പുക വീർപ്പിൻ കുഴൽ നിറയ്ക്കാത്ത
ധാരാവിഭാഗത്തേയ്ക്കൊരിക്കൽക്കൂടിയും
നയിച്ചാലുമെന്നെപ്പഴയമുത്തശ്ശി.....
രുചികെടുത്തിയ വിഭവങ്ങളുടെ
സമൃദ്ധിയാൽ ഞെട്ടിത്തെറിച്ചുണരവെ
കനത്ത കോൺക്രീറ്റുവിരിയാൽ ശാശ്വത
മലടിയായ്പ്പോയ മഹിയുടെ മേലി-
ലൊരിക്കലുമിനിച്ചുരക്കാതെയായ
മണിമാറിൽ നിന്നുമടർത്തി നീ നിന്റെ
കുളിരേലും സുഖ സുഷുപ്തി തന്മലർ-
വിരിയിലെന്നെയും കിടത്തു മുത്തശ്ശി!

‘മരണത്തിനുപിൻപ്, കൂടുതൽ കൂടുതൽ വിസ്തൃതമായി വരുന്ന ഒരു അനുവാചക മണ്ഡലത്തെ ആകർഷിക്കുകയും, സമകാലിക സഹൃദയർ തങ്ങൾക്കു നല്കിയിരുന്നതിനേക്കാൾ എത്രയോ അധികം ആദരം തുടർന്നു വരുന്ന തലമുറകളിൽനിന്ന് ആർജ്ജിക്കുകയും ചെയ്യുന്ന’ കവികളുടെ വകുപ്പിലാണ് എൻ.വി. കൃഷ്ണവാരിയർ ഇടശ്ശേരിയെ ഉൾപ്പെടുത്തിയത്.

ഇടശ്ശേരിയുടെ ദേഹവിയോഗത്തിനു ശേഷം കാൽനൂറ്റാണ്ട് തികയുമ്പോഴും, കളവു പറയാൻ കഴിയാത്ത അദ്ദേഹത്തിന്റെ കവിതയ്ക്കു വേണ്ടി നാം കാതോർത്തിരിക്കുന്നു.

ജനയുഗം വാരിക